# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5042     30/06/2014-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പന്റ്

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്റ്റൈപ്പന്റ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) യഥാസമയം സ്റ്റൈപ്പന്റ് ലഭ്യമാക്കു ന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) 2012-13 വർഷത്തിൽ കുടിശ്ശിക വന്നിട്ടുള്ള 1.70 കോടി രൂപയും 2013-14 വർഷത്തിൽ കുടിശ്ശിക വന്നിട്ടുള്ള 12.66 കോടി രൂപയും 1st Batch SDG യിൽ അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് 15 കോടിയോളം രൂപ ആവശ്യമുണ്ട്. എന്നാൽ ബഡ്ജറ്റിൽ 9 കോടി രൂപയാണ് വിദ്യാഭ്യാസ ആനുകൂല്യത്തിനായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ അപേക്ഷകരായ മുഴുവൻ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കും ആനുകൂല്യം 2014-15 ൽ നൽകുന്നതിന് ഏകദേശം 6 കോടി രൂപ അധികം ആവശ്യമായി വരും. അധികം ആവശ്യമായ 6 കോടി രൂപ 1st Batch SDG യിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഏതു തീയതി മുതലുള്ള സ്റ്റൈപ്പന്റാണ് വിതരണം ചെയ്യാനു ള്ളതെന്ന് വ്യക്തമാക്കാമോ? | (സി) 2012-13 സാമ്പത്തിക വർഷം മുതൽ കുടിശ്ശികയുള്ള സ്റ്റൈപ്പന്റ് വിതരണം ചെയ്യേണ്ടതുണ്ട്. |

സെക്ഷൻ ആഫീസർ